**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1218 20.01.2014 -ലെ മറുപടിയ്ക്ക്

## കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേക്കുള്ള നാമനിർദ്ദേശം

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന സിൻഡിക്കേറ്റിനെ പിരിച്ച് വിട്ടത് എപ്പോഴായിരുന്നു ; അതിന് ശേഷം എത്ര തവണ സിൻഡിക്കേറ്റിലേക്ക് നാമനിർദ്ദേശം നടത്തുകയുണ്ടായി ; ഏറ്റവും ഒടുവിൽ നാമനിർദ്ദേശം നടത്തപ്പെട്ടവർ ആരൊക്കെ ; പേര് വിവരവും അവർക്ക് വിദ്യാഭ്യാസ മേഖലയുമായുള്ള ബന്ധവും വിശദമാക്കുമോ? | (എ) | 21.09.2011 ലെ ബഹു. ചാൻസലറുടെ നോട്ടിഫിക്കേഷൻ മുഖേനയാണ് തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന സിൻഡിക്കേറ്റിനെ കാലാവധി കഴിഞ്ഞ ശേഷം പിരിച്ചുവിട്ടത്. അതിന് ശേഷം ഒരു തവണ സിൻഡിക്കേറ്റിലേക്ക് നാമ നിർദ്ദേശം നടത്തി. പുതുതായി തിരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റിലേക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നും 5 പേരെ ഗവൺമെന്റ് നാമനിർദ്ദേശം ചെയ്തു.<br><br>1. ഡോ. അബ്ദുൾ ഹമീദ് .വി.പി.<br>2. ശ്രീ.സയ്യിദ് ആബിദ് ഹുസൈൻ തങ്ങൾ.<br>3. അഡ്വ. രാജീവൻ മല്ലിശ്ശേരി.<br>4. ഡോ. ആബിദ ഫാറൂഖി.<br>5. ശ്രീ. പി.കെ. സുപ്രൻ<br><br>സാമൂഹ്യശാസ്ത്രത്തിൽ പി.എച്ച്.ഡി ബിരുദധാരിയായ ഡോ. അബ്ദുൾ ഹമീദ് .വി.പി. മുൻ പി.എസ്.സി അംഗവും കാലിക്കറ്റ് സർവ്വകലാ ശാല സിൻഡിക്കേറ്റ് അംഗം, അക്കാഡമിക് കൗൺസിൽ അംഗം, ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ , സംസ്ഥാന സർക്കാരിന്റെ സാക്ഷരതാ പ്രോഗ്രാമിന്റെ അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫിസർ, കിലയെ ഡീംഡ് യൂണിവേഴ്സിറ്റിയാക്കുന്നതിനുള്ള നിയമ രൂപീകണ കമ്മിറ്റി മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.<br><br>ശ്രീ.സയ്യിദ് ആബിദ് ഹുസൈൻ |

| | | | |
|---|---|---|---|
| | | | തങ്ങൾ കോഴിക്കോട് ഫറൂക്ക് കോളേജിലെ സോഷ്യോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസറും, വകുപ്പ് മേധാവി, കാലിക്കറ്റ് സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗം എന്നി നിലകളിലും പ്രവർത്തിച്ചിരുന്നു.<br><br>ഡോ. ആബിദ ഫാറൂഖി വിവിധ ഗവൺമെന്റ് / എയ്ഡഡ് കോളേജുകളിൽ ഇംഗ്ലീഷ് അസി. പ്രൊഫസർ,ലക്ച്ചറർ എന്നീ നിലകളിൽ സേവനമനുഷ്ഠിക്കുകയും ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ശ്രീ. പി.കെ. സുധ്രൻ , ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, ഡെപ്യൂട്ടി ഡയറക്ടർ, പരീക്ഷകൾക്കായുള്ള ജോയിന്റ് കമ്മീഷണർ, ജോയിന്റ് ഡയറക്ടർ , അഡീഷണൽ ഡയറക്ടർ എന്നീ നിലകളിൽ പൊതു വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചിട്ടുണ്ട്.<br><br>അഡ്വ. രാജീവൻ മല്ലിശ്ശേരിയെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. |
| (ബി) | ഈ സർക്കാർ നാമനിർദ്ദേശം ചെയ്തിരുന്ന മുൻ സിൻഡിക്കേറ്റ് അംഗങ്ങൾക്കെതിരെ നിലവിൽ എത്ര വിജിലൻസ് കേസുകൾ ഉണ്ടെന്നറിയിക്കുമോ? | (ബി) | വിജിലൻസ് കേസുള്ളതായി അറിവില്ല. |

സെക്ഷൻ ഓഫീസർ